(സി) വൈദ്യുതി കണക്ഷനും, വാട്ടർകണക്ഷനും ലഭിക്കാത്തതിനാലാണ് പോലീസ് സ്റ്റേഷൻ മാറ്റി സ്ഥാപിക്കാത്തത്.

(ഡി) 0.7450 ഹെക്ടർ സ്ഥലം സർക്കാരിനു സ്വന്തമായി ഉണ്ട്. ക്വാർട്ടേഴ്സുകൾ പണിയുന്നതിനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ നിലവിലില്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

സംഘട്ടനത്തിൽ പരിക്കേറ്റവർ

52 (55) ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കൊളത്തൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ അടിപിടിയെ തുടർന്നു 30-1-2000-ൽ തയ്യിൽ കുഞ്ഞിമുഹമ്മദ്, ഭാര്യ കതിയുമ്മ, മോയിൻ എന്നിവരെ പെരിന്തൽമണ്ണ സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നുവോ ;

(ബി) എങ്കിൽ പരിക്ക് പറ്റാനുണ്ടായ കാരണം ആശുപത്രി അധികൃതരെ അറിയിച്ചിരുന്നുവോ ;

(സി) ഡോക്ടറുടെ ഇന്റിമേഷൻ റിപ്പോർട്ട് എന്നാണ് പോലീസിന് കിട്ടിയത് ;

(ഡി) അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു ;

(ഇ) അതിന്റെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

ഉത്തരം

(എ) പ്രവേശിപ്പിച്ചിരുന്നു.

(ബി) അറിയിച്ചിരുന്നു.

(സി) 30-1-2000-ൽ

(ഡി) പോലീസ് ആശുപത്രിയിൽ എത്തി പരാതിക്കാരുടെ മൊഴി രേഖപ്പെടുത്തി.

(ഇ & എഫ്) പോലീസിനു നേരിട്ട് നടപടിയെടുക്കാൻ കഴിയാത്ത കുറ്റമായതിനാൽ കേസ് രജിസ്റ്റർ ചെയ്തില്ല. പരാതി രജിസ്റ്റർ ചേർത്ത് നടപടിയെടുത്തിട്ടുണ്ട്.

(ജി) ഇരുകക്ഷികളേയും സ്റ്റേഷനിൽ വിളിച്ചുവരുത്തി സംസാരിച്ചു പ്രശ്നം പരിഹരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly